# പക്ഷാഘാതം: രക്ത തടസ്സം നീക്കാൻ പുതിയ ചികിത്സാരീതി

ചെന്നൈ: പക്ഷാഘാതത്തിന് പുതിയ ചികിത്സാ സംവിധാനവുമായി ചെന്നൈയിലെ മിയോട്ട് ആസ്പത്രി. തലച്ചോറിലേക്കുള്ള രക്തക്കുഴലുകളിൽ രക്തം കട്ടപിടിച്ച് രക്തപ്രവാഹം തടസ്സപ്പെടുമ്പോഴാണ് പക്ഷാഘാതമുണ്ടാവുന്നത്. കട്ടപിടിച്ച രക്തം സ്റ്റെന്റ് ഉപയോഗിച്ച് നീക്കുന്ന ചികിത്സയായ 'മെക്കാനിക്കൽ ത്രോംബെക്ടമി ' (എം ടി) ആണ് പുതുതായി ആസ്പത്രിയിൽ തുടങ്ങിയിരിക്കുന്നതെന്ന് മിയോട്ട് സ്ട്രോക്ക് റിസ്റ്റോർ സെന്റർ (എം.എസ്.ആർ.എസ്) മേധാവി ഡോക്ടർ കെ. മുരളി ചെന്നൈയിൽ പത്രസമ്മേളനത്തിൽ പറഞ്ഞു.

മരുന്നുകൾ കൊടുത്ത് രക്തതടസ്സം അലിയിപ്പിച്ച് ഇല്ലാതാക്കുന്ന ചികിത്സയാണ് പക്ഷാഘാതത്തിന് ഇതുവരെ മുഖ്യമായും നൽകിയിരുന്നത്.എല്ലാ പക്ഷാഘാതങ്ങൾക്കും ഈ ചികിത്സ ഫലപ്രദമാവുന്നില്ലെന്നിടത്താണ് മെക്കാനിക്കൽ ത്രോംബെക്ടമിയുടെ പ്രസക്തിയെന്ന് ഡോക്ടർ മുരളി ചൂണ്ടിക്കാട്ടി.അമേരിക്കൻ സ്ട്രോക്ക് അസോസിയേഷൻ അടുത്തിടെ അംഗീകാരം നൽകിയതോടെയാണ് എം ടി പക്ഷാഘാത ചികിത്സയിൽ ഉപയോഗിക്കാൻ തുടങ്ങിയത്.

ഹൃദയ ധമനിയിലെ രക്തതടസ്സം നീക്കാൻ സ്റ്റെന്റ് സ്ഥാപിക്കുന്നതു പോലെയാണ് എം ടിയിലും സ്റ്റെന്റ് ഉപയോഗിക്കുന്നത്.ഹൃദ്രോഗത്തിനുള്ള ചികിത്സയിൽ സ്റ്റെന്റ് രക്തക്കുഴലിൽ സ്ഥാപിക്കുമ്പോൾ ഇവിടെ രക്തതടസ്സം നീക്കിയതിനു ശേഷം സ്റ്റെന്റും എടുത്തുമാറ്റും. പുതിയ ചികിത്സാ രീതിയിൽ 79 ശതമാനം വിജയം കണ്ടതായി ഡോക്ടർ മുരളി പറഞ്ഞു.പക്ഷാഘാതം വന്ന് ഒരു വശം തളരുകയും സംസാര ശേഷി നഷ്ടപ്പെടുകയും ചെയ്തവർ പൂർണ്ണമായി സുഖം പ്രാപിച്ച് സാധാരണ നിലയിലേക്ക് തിരിച്ചുവരുന്നുവെന്നതാണ് ഈ ചികിത്സയുടെ സവിശേഷതയെന്നും ഡോക്ടർ മുരളി പറഞ്ഞു.രണ്ടര ലക്ഷം രൂപയാണ് ഈ ചികിത്സാവിധിക്ക് വരുന്ന ചെലവ്.

## സുവർണ്ണ മണിക്കൂർ

ചെന്നൈ: ഹൃദയാഘാതത്തിലെന്ന പോലെ തന്നെ രോഗിയെ എത്രയും പെട്ടെന്ന് ചികിത്സാ കേന്ദ്രത്തിലെത്തിക്കുകയാണ് പക്ഷാഘാതത്തിലും വേഗത്തിൽ ചെയ്യേണ്ടതെന്ന് മിയോട്ട് ആസ്പത്രിയിലെ ന്യൂറോളജിസ്റ്റ് ഡോക്ടർ കൃഷ്ണൻ ബാലഗോപാൽ പറഞ്ഞു.പക്ഷാഘാതമുണ്ടായി മൂന്നു മണിക്കൂറിനുള്ളിൽ ആസ്പത്രിയിൽ എത്തിക്കുകയാണ് അഭികാമ്യം.എം ടി സംവിധാനമുള്ള ആസ്പത്രിയാണെങ്കിൽ ആറുമണിക്കൂറിനുള്ളിലെങ്കിലും എത്തിച്ചിരിക്കണം.

മുഖം കോടുക, കൈകാൽക്ക് ബലക്കുറവുണ്ടാവുക, സംസാരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുക എന്നിവയാണ് പക്ഷാഘാതത്തിന്റെ ലക്ഷണങ്ങൾ.ഇവ കണ്ടാൽ എത്രയും പെട്ടെന്ന് രോഗിയെ ചികിത്സാ കേന്ദ്രത്തിലെത്തിക്കണം.അടിയന്തര ഘട്ടങ്ങളിൽ മിയോട്ടുമായി 105710 എന്ന നമ്പറിൽ ബന്ധപ്പെടാം.



പക്ഷാഘാതത്തിന് മെക്കാനിക്കൽ ത്രോംബെക്ടമിക്ക് വിധേയരായവർ മിയോട്ട് ആസ്പത്രി അധികൃതർക്കൊപ്പം

## പക്ഷാഘാതം പിടിപെടുന്നവരുടെ എണ്ണം കൂടുന്നു

ചെന്നൈ: വികസിത രാജ്യങ്ങളിൽ പക്ഷാഘാതം മൂലം മരിക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിൽ മരണസംഖ്യ കൂടുകയാണെന്നാണ് ലോകാരോഗ്യ സംഘടന ചൂണ്ടിക്കാട്ടുന്നതെന്ന് ഡോക്ടർ കൃഷ്ണൻ ബാലഗോപാൽ പറഞ്ഞു.ഇന്ത്യയിൽ ഒരു ലക്ഷം പേരിൽ 73 പേർ മരിക്കുന്നതിന് കാരണം പക്ഷാഘാതമാണെന്നാണ് വിലയിരുത്തപ്പെടുന്നത്.2015 അവസാനമാവുമ്പോഴേക്കും 16 ലക്ഷം പേർക്ക് ഇന്ത്യയിൽ പക്ഷാഘാതം പിടിപെട്ടിരിക്കും എന്നാണ് ലോകാരോഗ്യ സംഘടനയുടെ നിഗമനം.

ലോകത്ത് പ്രതിവർഷം 1.5 കോടി പേർക്ക് പക്ഷാഘാതം പിടിപെടുന്നുണ്ട്.ഇതിൽ 55 ലക്ഷം പേർ മരിക്കുകയും 50 ലക്ഷം പേർ ശരീരം തളർന്ന് കിടപ്പിലാവുകയും ചെയ്യുന്നു.കൊളസ്ട്രോൾ , പ്രമേഹം, അതി രക്ത സമ്മർദ്ദം , ഹൃദ്രോഗം എന്നിവയാണ് പക്ഷാഘാതത്തിലേക്ക് പ്രധാനമായും നയിക്കുന്നത്.